**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 695** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>വന്യജീവി ആക്രമണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. എം. ശശി

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** ആലത്തൂർ നിയോജക മണ്ഡലത്തിലെ വനാതിർത്തി പ്രദേശങ്ങളിൽ താമസിക്കുന്ന കർഷകർക്ക് വന്യജീവികളുടെ ആക്രമണം മൂലം കൃഷിനാശം സംഭവിച്ചതുമായി ബന്ധപ്പെട്ട വിവരങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** വിലയിരുത്തിയിട്ടുണ്ട്. വന്യജീവി ആക്രമണം പ്രതിരോധിക്കുന്നതിനായി ആക്രമണ സാധ്യത കൂടുതലുള്ള വനാതിർത്തികളിൽ സൗരോർജ്ജവേലികൾ നിർമ്മിച്ചിട്ടുണ്ട്. പ്രശ്നബാധിത പ്രദേശമായ പാലക്കുഴി ഭാഗത്ത് AI Farm Guard സംവിധാനം സ്ഥാപിച്ച് വന്യജീവി നിരീക്ഷണം നടത്തി വരുന്നുണ്ട്. കൂടാതെ വന സംരക്ഷണ ജീവനക്കാരും വാച്ചർമാരും പ്രശ്നബാധിത പ്രദേശങ്ങളിൽ നിരന്തരമായ പട്രോളിംഗ് നടത്തി വന്യമൃഗങ്ങളെ കാട്ടിലേക്ക് കയറ്റി വിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വനാതിർത്തി പ്രദേശങ്ങളിൽ താമസിക്കുന്ന കർഷകരുടെ ഭൂമിയിൽ കൃഷിനാശം സംഭവിച്ചതു മൂലം ലഭിക്കുന്ന ഓൺലൈൻ അപേക്ഷയിൽ സ്ഥല പരിശോധന നടത്തി, നാശനഷ്ടം വിലയിരുത്തി നിയമാനുസൃത നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

**(ബി)** വന്യജീവികളുടെ ആക്രമണം മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് ധസഹായം നൽകുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; അപ്രകാരം മണ്ഡലത്തിലെ എത്ര കർഷകർക്ക് ധനസഹായം നൽകിയെന്നും ഇനി എത്ര അപേക്ഷകളാണ് തീർപ്പാക്കാനുള്ളതെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** വന്യജീവി ആക്രമണങ്ങൾക്ക് ഇരയാവുന്നവർക്കും, കുടുംബാംഗങ്ങൾക്കും 1980 ലെ Kerala Rules for Payment of Compensation to Victims of Attack by Wild Animals ചട്ടങ്ങൾ പ്രകാരമാണ് നഷ്ടപരിഹാരം അനുവദിക്കുന്നത്. നിലവിൽ സർക്കാർ ഉത്തരവ് കൈ നം. 17/2018/വനം തീയതി 05/04/2018 പ്രകാരം വിവിധ CSS, Plan, Non-Plan Scheme കളിൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. 2025-26 വർഷത്തിൽ കൃഷിനാശവുമായി ബന്ധപ്പെട്ട് ലഭിച്ച 54 അപേക്ഷകളിൽ 52 എണ്ണത്തിലും നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ള 2 അപേക്ഷകളിൽ ആവശ്യമായ രേഖകൾ ലഭിക്കുന്ന മുറയ്ക്ക് അർഹമായ നഷ്ടപരിഹാരം അനുവദിക്കുന്നതാണ്.

**(സി)** കിഴക്കഞ്ചേരി പഞ്ചായത്തിലെ വണ്ടാഴി വില്ലേജിൽ മിച്ച ഭൂമിയിൽ താമസിക്കുന്നവർക്ക് വനം വകുപ്പിന്റെ എതിർപ്പ് കാരണം ഇതേ വരെ പട്ടയം നൽകിയിട്ടില്ല എന്ന വിവരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിലെ തടസങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വനാതിർത്തി വരുന്ന പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ടി സ്ഥലം പരിശോധിച്ച് വനഭൂമിയുമായി തർക്കമില്ലെന്ന് ബോധ്യപ്പെടുന്ന മുറയ്ക്ക് വനംവകുപ്പിൽ നിന്നും നിരാക്ഷേപപത്രം അനുവദിച്ചു വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**